"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതികം - റിവിഷൻ 2015 - കാരുണ്യ അവസരം അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.393/2026/HEDN    തീയതി,തിരുവനന്തപുരം, 17-03-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം.580/2022/HEDN തീയതി 22.04.2022
2. റിവിഷൻ 2015 സ്കീമിൽ ഉൾപ്പെട്ട പൂർവ്വ വിദ്യാർത്ഥികളിൽ നിന്നും ലഭിച്ച അപേക്ഷ.
3. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 02.03.2026 തീയതിയിലെ ഡി.ടി.ഇ.ടി.വി.എം/1022/2026-സി2 (എ.സി.എ) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ പോളിടെക്നിക് കോളേജുകളിൽ 2015 റിവിഷൻ സിലബസിൽ പഠിച്ച വിദ്യാർത്ഥികൾക്ക് കോഴ്സ് പൂർത്തിയാക്കുവാനുള്ള കാലയളവ് 7 വർഷമായി ദീർഘിപ്പിച്ചു സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അപ്രകാരം 2015 റിവിഷനിൽ അഡ്മിഷൻ നേടിയവരിൽ 2020-21 അക്കാദമിക വർഷം പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് മാത്രമാണ് നിലവിൽ സപ്ലിമെന്ററി പരീക്ഷകൾ എഴുതുന്നതിനു അവസരം ലഭ്യമായിട്ടുള്ളത് . 2015 റിവിഷൻ ആദ്യ ബാച്ചുകളിൽ പ്രവേശനം നേടിയ നിരവധി വിദ്യാർത്ഥികൾ തങ്ങൾക്ക് അനുവദിച്ച അവസരം മുഴുവനായി ഉപയോഗിച്ചു കഴിഞ്ഞുവെങ്കിലും എല്ലാ വിഷയങ്ങളും വിജയകരമായി പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ലായെന്നും ഡിപ്ലോമ സർട്ടിഫിക്കറ്റ് നേടുന്നതിലും കരിയർ മുന്നോട്ടു കൊണ്ടുപോകുന്നതിലും തടസ്സം നേരിടാതിരിക്കുവാനായി തങ്ങൾക്ക് കാരുണ്യ അവസരം അനുവദിക്കണമെന്നും ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിരുന്നു.

റിവിഷൻ 2015 സ്കീമിൽ 2020-21 അക്കാദമിക വർഷം പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്കായി 2027 ഏപ്രിൽ വരെ സപ്ലിമെന്ററി പരീക്ഷകൾ നടത്തുന്നതാണ് എന്നും അതിനാൽ , റിവിഷൻ 2015 സ്കീമിൽ 2015 - 2016 മുതൽ 2018-19 അദ്ധ്യയന വർഷം വരെ പ്രവേശനം നേടിയ, എല്ലാ വിഷയങ്ങളും വിജയകരമായി പൂർത്തിയാക്കുവാൻ കഴിയാത്ത

വിദ്യാർത്ഥികൾക്ക് കാരുണ്യ അവസരം അനുവദിക്കുന്ന പക്ഷം ഏപ്രിൽ 2026, നവംബർ 2026, ഏപ്രിൽ 2027 കാലയളവുകളിൽ നടത്തുന്ന പരീക്ഷകളിൽ പങ്കെടുക്കുന്നതിന് അവസരം ലഭിക്കുമെന്നും ആയത് അനുവദിക്കാവുന്നതാണ് എന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ റിവിഷൻ 2015 സ്കീമിൽ 2015 - 2016 മുതൽ 2018-19 അദ്ധ്യയന വർഷം വരെ പ്രവേശനം നേടിയ സപ്ലിമെന്ററി ചാൻസ് നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് ഏപ്രിൽ 2026, നവംബർ 2026, ഏപ്രിൽ 2027 കാലയളവുകളിലായി നടത്തുന്ന ഡിപ്ലോമ പരീക്ഷകളിൽ പങ്കെടുക്കുന്നതിന് കാരുണ്യ അവസരം നൽകുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് എം
ജോയിന്റ് സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സാങ്കേതിക പരീക്ഷാ കൺട്രോളർ, സാങ്കേതിക പരീക്ഷാ വിഭാഗം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
**www.highereducation.kerala.gov.in**
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by Geetha Lekshmi. G
Date: 18-03-2026 11:45:46
സെക്ഷൻ ഓഫീസർ